II ഇ.ബി. XIകേരള നിയമസഭ/IV32

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ആഗസ്റ്റ് 1, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

238 (*754) അഡ്ഹോക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ, സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ഓണക്കാലത്ത് നൽകിവരുന്ന അഡ്ഹോക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമൊന്നും ആയിട്ടില്ലെന്നും ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചിട്ട് ക്യാബിനറ്റ് തീരുമാനമെടുക്കുമെന്നും സഭയെ അറിയിച്ചു. ഇപ്പോൾ 27 ശതമാനം ജീവനക്കാർക്ക് അഡ്ഹോക്ക് ബോണസ് ലഭിക്കുന്നുണ്ട്.

239 (*755) സാംസ്കാരിക അക്കാഡമികളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഗവൺമെന്റ് ആഭിമുഖ്യത്തിൽ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ആറ് അക്കാഡമികളുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയുടെ 2000–2001 വർഷം വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്. ചലച്ചിത്ര അക്കാഡമിയുടെ കണക്ക് അക്കൗണ്ടന്റ് ജനറലും മറ്റ് അക്കാഡമികളുടേത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റുമാണ് ആഡിറ്റ് ചെയ്യുന്നത്. 1955–ലെ ട്രാവൻകൂർ – കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ അക്കാഡമികളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും സഭയുടെ മേശപ്പുറത്ത്

വയ്ക്കേണ്ടതാണെന്ന് ആക്ടിൽ പറയുന്നില്ല. അക്കാഡമികളുടെ അതാതു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും
നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ശ്രീ. എം.ടി. വാസുദേവൻ നായർ ചെയർമാനായ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ പ്രവർത്തനം ഗവൺമെന്റ് നിരീക്ഷിക്കുന്നുണ്ട്. അതിന്റെ നിയമവശങ്ങൾ പരിശോധിച്ചശേഷം മാത്രമേ ഇത് ട്രസ്റ്റായിത്തന്നെ നിലനിർത്തുന്നതിനെക്കുറിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കലാ സാംസ്കാരിക സംഘടനകൾക്കും സ്മാരകങ്ങൾക്കും വാർഷിക ധനസഹായം നൽകുന്നുണ്ട്. കലാപരമായ ഉന്നതിക്കും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാംസ്കാരിക സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഏതെങ്കിലും സ്ഥാപനങ്ങൾ അതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ ഗവൺമെന്റ് ഇടപെടുന്നതാണ്. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി ശ്രീ. കൊട്ടറ ഗോപാലകൃഷ്ണൻ ചെയർമാനായി രൂപീകരിച്ച സമിതി എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കലാമണ്ഡലത്തിൽ ആരംഭിച്ച ബിരുദ കോഴ്സിന് സംസ്കൃത യൂണിവേഴ്സിറ്റിയുടെ ഡിഗ്രി കൊടുക്കുന്നതിനുള്ള നടപടി ഈ വർഷം പൂർത്തിയാകുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

240 (*756) <u>സ്വാഭാവിക വനം രൂപപ്പെടുത്തിയെടുക്കാൻ നടപടി</u>

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ.സുധാകരൻ) നൽകിയ മറുപടിയിൽ സംസ്ഥാനത്ത് തരിശു ഭൂമികളിൽ മരം വച്ചുപിടിപ്പിച്ച് വനവല്ക്കരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടെന്ന് സഭയെ അറിയിച്ചു. വ്യവസായികാവശ്യത്തിന് മരം വച്ചുപിടിപ്പിക്കുന്ന പ്ലാന്റേഷൻ പദ്ധതി വനം വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൈയേറ്റംമൂലവും പ്ലാന്റേഷൻമൂലവും സ്വാഭാവിക വനവും മഴക്കാടുകളും നഷ്ടപ്പെടുന്നില്ല. പരിസ്ഥിതിക്ക് ഹാനികരമായ സ്വാഭാവിക വനശോഷണം തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ചോലക്കാടുകളും മഴക്കാടുകളും ഫലപ്രദമായി സംരക്ഷിച്ചുവരുന്നു. സ്വാഭാവിക വനങ്ങൾ പ്രകൃതിയുടെ സൃഷ്ടിയാണ്. മനുഷ്യ പ്രയത്നംകൊണ്ട് രൂപപ്പെടുത്തിയെടുക്കാനാവുന്നതല്ല. പ്ലാന്റേഷൻമൂലം വനവിസ്തൃതി കുറയുന്നതു തടയാൻ കൺസർവേഷൻ ഓഫ് ഫോറസ്റ്റ്സ് ആക്ടിലെ സെക്ഷൻ-2 പ്രകാരം വനേതര ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റ് 86 വന സംരക്ഷണ സമിതികൾ ഉണ്ടാക്കാൻ തീരുമാനിച്ചതിൽ 51 എണ്ണം രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ആവശ്യങ്ങൾക്കായി വനസംരക്ഷണ സമിതികൾ തീവ്ര യത്ന പരിപാടിയുടെ ഭാഗമായി രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. വന വികസനത്തിനാവശ്യമായ എല്ലാ ഫണ്ടുകളും വനസംരക്ഷണ സമിതിയിലൂടെയാണ് കേന്ദ്ര ഗവൺമെന്റ് വിതരണം ചെയ്യുന്നത്. വനവൽക്കരണത്തിന്

ഉപയോഗിക്കുന്ന തുക ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് മുൻകരുതൽ എടുക്കുന്നതാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള തോട്ടങ്ങളുടെ അതിരുകളിൽ വില്ലേജ് ഫോറസ്റ്റ് പദ്ധതിയിലൂടെ വനം വച്ചുപിടിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എൻ. എച്ച്.–47–ന്റെ ഇരുവശത്തും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്വിറ്റ് ഇൻഡ്യാ ദിനമായ ആഗസ്റ്റ്–9–ന് 9 മുതൽ 11 മണിവരെ പതിനഞ്ച് ലക്ഷം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയോട് എല്ലാ ജനപ്രതിനിധികളും സഹകരിക്കണം. വികസനം മുന്നിൽ കണ്ടുകൊണ്ട് പൊതുമരാമത്ത്, ലോക്കൽ അഡ്മിനിസ്ട്രേഷൻ, വിദ്യാഭ്യാസം, വനം എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാർ സംയുക്തമായി നോട്ടിഫൈ ചെയ്യുന്ന സ്ഥലങ്ങളിലാണ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത്. ഒരു ലക്ഷം സന്നദ്ധ ഭടൻമാരുള്ള നാഷണൽ സർവീസ് സ്കീമിന്റെ മൈക്രോ യൂണിറ്റ് ഉണ്ടാക്കി മൂന്നു വർഷക്കാലത്തേക്ക് ഈ മരങ്ങൾ സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിൽ ഇന്നുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. വനവിഭവങ്ങളുടെ സംരക്ഷണം ട്രൈബൽ സൊസൈറ്റികളെയും വനസംരക്ഷണ സമിതിയെയും സമന്വയിപ്പിച്ചുകൊണ്ട് ഏല്പിക്കുന്നതിനുള്ള ഒരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. ആലപ്പുഴയിലെ ഗാന്ധി സ്മൃതി വനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

241 (*757) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2001–2002 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ മിച്ച നിക്ഷേപമായി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത് 1200 കോടി രൂപയാണെങ്കിലും 877.74 കോടി രൂപയാണ് സമാഹരിച്ചത്. 2002–2003 സാമ്പത്തിക വർഷത്തിൽ 4580 കോടി രൂപ മൊത്ത നിക്ഷേപമായും 1825 കോടി രൂപ മിച്ച നിക്ഷേപമായും സ്വരൂപിക്കാനായി ഒരു കർമ്മ പരിപാടി നടപ്പാക്കിവരുന്നു. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ നിക്ഷേപകർക്ക് 25–5–2002–ലെ സർക്കാർ ഉത്തരവ് പ്രകാരം ഭാഗ്യ സമ്മാന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ, ട്രസ്റ്റുകൾ, സ്ക്കൂൾ സഞ്ചയികകൾ എന്നിവയിൽ നിന്നുള്ള നിക്ഷേപങ്ങൾക്ക് 17–7–2002–ലെ സർക്കാർ ഉത്തരവ് പ്രകാരം മുൻകാലങ്ങളിലെ പോലെ ക്യാഷ് ഇൻസെന്റീവ് തുടർന്ന് നൽകുന്നുണ്ട്. സ്ക്കൂൾ സഞ്ചയികയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ ഏകദേശം 100 കോടി രൂപ അധികമായി സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ ജില്ലയിലും ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള ധനസമാഹരണത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്നത് വകുപ്പ് സെക്രട്ടറിമാരാണ്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുകയും വേണ്ട മാറ്റങ്ങൾ വരുത്തുകയും

ചെയ്യുന്നുണ്ട്. ക്ഷേമനിധികളുടെ ഡെപ്പോസിറ്റ് വർദ്ധിപ്പിക്കുന്നതിന് ഒരു കോടി രൂപയുടെ ഒരു പ്രൈസ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

242 (*773) വിൽപ്പന നികുതി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ട്രൈബ്യൂണലിലും വിവിധ കോടതികളിലുമായി കെട്ടിക്കിടക്കുന്ന കേസുകളിൽ 30–6–2002 വരെ 565.62 കോടി രൂപയുടെ (30–6–2002 വരെ) സ്റ്റേ കൊടുത്തിട്ടുണ്ടെന്ന് അറിയിച്ചു. കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളിൽ പെട്ടെന്ന് തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വാണിജ്യ നികുതി വകുപ്പിലെ നിയമ വിഭാഗം ഡെപ്യൂട്ടി കമ്മീഷണർക്കും ലാ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റ് വഴി ഈ കേസുകൾക്ക് തീരുമാനമു ണ്ടാക്കുന്നതിനായി ഒരു സെറ്റിൽമെന്റ് കമ്മീഷൻ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ 2001–ലെ ഫൈനാൻസ് ആക്ട് പ്രകാരം കേരള വിൽപ്പന നികുതി നിയമത്തിൽ വകുപ്പ് 4 എ ആയി ചേർത്തിട്ടുണ്ട്.

243 (*782) സംസ്ഥാന ലോട്ടറി നവീകരിക്കാൻ നടപടി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന ലോട്ടറിയുടെ അനാകർഷകമായ സ്കീമുകൾ റദ്ദ് ചെയ്ത് പുതിയ സ്കീമുകൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. സർക്കാർ ആഭിമുഖ്യത്തിൽ ഓൺ ലൈൻ ലോട്ടറി നടത്തുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി വിശദമായി പരിശോധിച്ച് വരികയാണ്. ലോട്ടറി ടിക്കറ്റ് വില്പനയിലൂടെ 2000–2001–ൽ 133.38 കോടി രൂപയുടെ വരുമാനവും 26.80 കോടി രൂപയുടെ അറ്റാദായവും 2001–2002–ൽ 122.69 കോടി രൂപയുടെ വരുമാനവും 3.24 കോടി രൂപയുടെ അറ്റാദായവും ഉണ്ടായിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

210 (4694) ലോകബാങ്ക് സഹായം ലഭ്യമായിട്ടുള്ള വികസന പദ്ധതികൾ

നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, സ്റ്റേറ്റ് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, ടെക്നിക്കൽ അസിസ്റ്റഡ് പ്രോജക്ട്, വാട്ടർ ട്രാൻസ്പോർട്ട് പ്രോജക്ട്, റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്, ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി, കേരള ഫോറസ്ട്രി പ്രോജക്ട് എന്നീ പദ്ധതികൾക്ക് ലോകബാങ്ക് സഹായം ലഭിച്ചുവരുന്നു.

211 (4727) സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ പ്രവർത്തനം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽനിന്നും ഫയർ ഇൻഷ്വറൻസ്, ആക്ട് ഇൻഷ്വറൻസ്, മറൈൻ ഇൻഷ്വറൻസ്, മിസലേനിയസ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയിലായി ആകെ 17,45,34,567 രൂപയുടെ പോളിസികൾ വിതരണം ചെയ്തിട്ടുണ്ട്.